**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1937**

**08/03/018 – ലെ മറുപടിക്ക്**

**ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

| | |
|---|---|
| **ചോദ്യം :** | **ഉത്തരം :** |
| **ശ്രീ. കെ.എൻ.എ.ഖാദർ** | **ഡോ. ടി.എം. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ജീവനക്കാർക്കും പെൻഷൻകാർക്കുമായി സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ് ; ഇതിൽ ഔട്ട് പേഷ്യന്റ് ചികിത്സയ്ക്കുള്ള ക്ലെയിം അനുവദനീയമാണോ ; | സംസ്ഥാന ജീവനക്കാർക്കും, പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24.04.2017 ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിലെ ചർച്ചകൾ, പഠനം എന്നിവയ്ക്ക് ശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിയ്ക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിയ്ക്കുന്നതിന് വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഔട്ട് പേഷ്യന്റ് ചികിത്സയ്ക്കുള്ള ക്ലെയിം സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ. |
| (ബി) | സർവ്വീസ് പെൻഷണർമാർ അല്ലാത്തതും മറ്റു സർക്കാർ സ്ഥാപനങ്ങളിലോ അനുബന്ധ സ്ഥാപനങ്ങളിലോ ജോലി നോക്കുന്നവരുമല്ലാത്തതുമായ മാതാപിതാക്കളുടെ ചികിത്സക്കും ഈ പദ്ധതി പ്രകാരം ക്ലെയിം ലഭിക്കുമോ ; | തീരുമാനം കൈക്കൊണ്ടിട്ടില്ല |
| (സി) | നിലവിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ചട്ടങ്ങളിൽ ജീവനക്കാരനെ മാത്രം ആശ്രയിച്ച് കഴിയുന്ന മാതാപിതാക്കളുടെ ചികിത്സയ്ക്ക് റീഇംബേഴ്സ്മെന്റ് ലഭിക്കുമെന്നിരിക്കെ ഈ ആനുകൂല്യം പുതുതായി കൊണ്ടു വരുന്ന പദ്ധതിയിൽ നിഷേധിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**